# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3153 — 18.06.2019-ൽ മറുപടിയ്ക്ക്

### വൈപ്പിൻ കാളമുക്ക് ഫിഷ് ലാന്റിങ് സെന്റർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എസ്. ശർമ്മ :** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | വൈപ്പിൻ കാളമുക്ക് ഫിഷ് ലാന്റിങ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | വൈപ്പിൻ കാളമുക്ക് ഫിഷ് ലാന്റിംഗ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് ടി.ആർ.പി പദ്ധതിയിൽ ഉൾപ്പെടുത്തി 72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും വാർഫ്, അപ്രോച്ച് ജട്ടി എന്നിവയുടെ നിർമ്മാണം നടത്തുകയും ചെയ്തു. തുടർന്ന് 45.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് ലേലപ്പുര, പാർക്കിംഗ് ഏരിയ എന്നിവയും ഡ്രഡ്ജിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചു. ടി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം പൂർണ്ണ രീതിയിൽ ഉപയുക്തമാക്കുന്നതിന് പ്രവേശന പാതയ്ക്ക് വേണ്ടി 12.552 സെന്റ് സ്ഥലം നേഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 27/10/2018-ൽ ബഹു.എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനമനുസരിച്ച് പുതുതായി ഏറ്റെടുക്കേണ്ട സ്ഥലംകൂടി ഉൾപ്പെടുത്തി 19.64 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പുതുക്കിയ അർത്ഥനാ പത്രം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആവശ്യത്തിനായി നെഗോഷ്യബിൾ പർച്ചേസ് ആക്റ്റ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനാവശ്യമായ തുക ഏത് ശീർഷകത്തിൽ നിന്നുമാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിന് ആവശ്യമായ 12.552 സെന്റ് സ്ഥലം നെഗോഷ്യബിൾ പർച്ചേസ് ആക്റ്റ് പ്രകാരം ഏറ്റെടുക്കുന്നതിന് 251.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനാവ ശ്യമായ തുക 2405-00-800-49(P) എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഭൂമിയേറ്റെടുക്കൽ നടപടിക്കായി നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) | വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലേയ്ക്കുള്ള പ്രവേശന പാതയ്ക്ക് ആവശ്യമായ 12.55 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. 2013 ലെ LAR ആക്ട് 4(2), 4(3) ചട്ട പ്രകാരം ഏകദേശ ഭൂമി വിലയുടെ 5% തുക ആനുഷാംഗിക ചെലവിനത്തിൽ ഉൾപ്പെടുത്തി എൽ.എ ഓഫീസറുടെ TSB അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ട്. ആയതിനുള്ള ഫണ്ട് ലഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. എൽ.എ തഹസിൽദാർ, പത്രത്തിലൂടെ സർവ്വെ നടപടികൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പൊന്നും വില നടപടികളുമായി ബന്ധപ്പെട്ട് സ്ഥലം ഉടമകളുമായി നടത്തിയ ചർച്ചയനുസരിച്ച് പുതുതായി ഏറ്റെടുക്കേണ്ട സ്ഥലം കൂടി ഉൾപ്പെടുത്തി 19.64 സെന്റ് സ്ഥലത്തിന്റെ പുതുക്കിയ അർത്ഥനാപത്രവും, സ്കെച്ചും ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടെങ്കിൽ വിശദീകരിക്കാമോ; | (ഡി) | തടസ്സങ്ങൾ നിലവിലില്ല |
| (ഇ) | ഭൂമിയേറ്റെടുക്കൽ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് മാത്രമേ ഭൂമി ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ. |

(signature)

സെക്ഷൻ ഓഫീസർ